എ.വൈ.ആർ

സൂറ-12

# യൂസുഫ്

50 രാജാവ് കൽപിച്ചു: അയാളെ എന്റെ മുന്നിൽ കൊണ്ടുവരുവീൻ. രാജദൂതൻ രാജധാനിയിലേക്ക് ക്ഷണിക്കാൻ ചെന്നപ്പോൾ യൂസുഫ് പറഞ്ഞു: യജമാനന്റെ അടുത്ത് തിരിച്ചുചെന്ന് അദ്ദേഹത്തോടു ചോദിക്കുക: സ്വന്തം കൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണ്? തീർച്ചയായും അവരുടെ കുതന്ത്രം എന്റെ നാഥൻ നന്നായറിയുന്നുണ്ട്.
51 രാജാവ് സ്ത്രീകളോടന്വേഷിച്ചു: യൂസുഫിനെ വശീകരിക്കാൻ ശ്രമിച്ചപ്പോൾ നിങ്ങളുടെ അനുഭവമെന്തായിരുന്നു. അവർ പറഞ്ഞു: ദൈവത്താണ, ഞങ്ങളദ്ദേഹത്തിൽ ഒരു കുറ്റവും കണ്ടിട്ടില്ല. പ്രഭുപത്നി ബോധിപ്പിച്ചു: ഇപ്പോൾ സത്യം വെളിപ്പെട്ടിരിക്കുന്നു. ഞാനാണ് അദ്ദേഹത്തെ മോഹിച്ചു പ്രലോഭിപ്പിച്ചത്. വാസ്തവത്തിൽ അദ്ദേഹം തികഞ്ഞ സത്യസന്ധൻ തന്നെയാകുന്നു.
52 അദ്ദേഹത്തിന്റെ അഭാവത്തിൽ ഞാനദ്ദേഹത്തെ വഞ്ചിട്ടില്ലെന്നും വഞ്ചകരുടെ തന്ത്രങ്ങൾ അല്ലാഹു ലക്ഷ്യത്തിലെത്തിക്കുകയില്ലെന്നും അറിയേണ്ടതിനാണിത്.
53 ഞാൻ സ്വയം അപരാധ മുക്തമാക്കുന്നില്ല. മനുഷ്യ മനസ്സ് തിന്മയെ പ്രേരിപ്പിക്കുന്നതു തന്നെയാകുന്നു, വിധാതാവിന്റെ കാരുണ്യം ലഭിച്ചാലൊഴിച്ച്. നിശ്ചയം, എന്റെ വിധാതാവ് വളരെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

وَقَالَ ٱلْمَلِكُ ٱئْتُونِى بِهِۦ ۖ فَلَمَّا جَآءَهُ ٱلرَّسُولُ قَالَ ٱرْجِعْ إِلَىٰ رَبِّكَ
فَسْـَٔلْهُ مَا بَالُ ٱلنِّسْوَةِ ٱلَّـٰتِى قَطَّعْنَ أَيْدِيَهُنَّ ۚ إِنَّ رَبِّى بِكَيْدِهِنَّ عَلِيمٌ
﴿٥٠﴾

قَالَ مَا خَطْبُكُنَّ إِذْ رَٰوَدتُّنَّ يُوسُفَ عَن نَّفْسِهِۦ ۚ قُلْنَ حَـٰشَ
لِلَّهِ مَا عَلِمْنَا عَلَيْهِ مِن سُوٓءٍ ۚ قَالَتِ ٱمْرَأَتُ ٱلْعَزِيزِ ٱلْـَٔـٰنَ حَصْحَصَ
ٱلْحَقُّ أَنَا۠ رَٰوَدتُّهُۥ عَن نَّفْسِهِۦ وَإِنَّهُۥ لَمِنَ ٱلصَّـٰدِقِينَ ﴿٥١﴾

ذَٰلِكَ لِيَعْلَمَ أَنِّى لَمْ أَخُنْهُ بِٱلْغَيْبِ وَأَنَّ ٱللَّهَ لَا يَهْدِى كَيْدَ
ٱلْخَآئِنِينَ ﴿٥٢﴾

۞ وَمَآ أُبَرِّئُ نَفْسِىٓ ۚ إِنَّ ٱلنَّفْسَ لَأَمَّارَةٌۢ بِٱلسُّوٓءِ إِلَّا مَا رَحِمَ رَبِّىٓ ۚ إِنَّ رَبِّى
غَفُورٌ رَّحِيمٌ ﴿٥٣﴾

وَقَالَ ٱلْمَلِكُ= രാജാവ് പറഞ്ഞു(കൽപിച്ചു) ٱئْتُونِى بِهِ= അയാളെ എന്റെ മുമ്പിൽ കൊണ്ടുവരുവിൻ
فَلَمَّا جَآءَهُ= അദ്ദേഹത്തിന്റെ അടുത്ത് (രാജധാനിയിലേക്ക് ക്ഷണിക്കാൻ) ചെന്നപ്പോൾ ٱلرَّسُولُ= (രാജ)ദൂതൻ
قَالَ= അവൻ(യൂസുഫ്) പറഞ്ഞു ٱرْجِعْ= നീ മടങ്ങിപ്പോവുക إِلَىٰ رَبِّكَ= നിന്റെ യജമാനന്റെ അടുത്തേക്ക്

സ്ത്രീകളുടെ =ٱلنِّسۡوَةِ എന്താണ് അവസ്ഥ, നിലപാട് =مَا بَالُ എന്നിട്ട് അദ്ദേഹത്തോടു ചോദിക്കുക =فَسۡـَٔلۡهُ
തീർച്ചയായും എന്റെ നാഥൻ =إِنَّ رَبِّی അവരുടെ(സ്വന്തം) കരങ്ങൾ =أَیۡدِیَهُنَّۚ മുറിപ്പെടുത്തിയവരായ =ٱلَّـٰتِی قَطَّعۡنَ
(രാജാവ് സ്ത്രീകളോട് അന്വേഷിച്ചു)പറഞ്ഞു =قَالَ നന്നായി അറിയു(ന്നുണ്ട്)ന്നവനാകുന്നു =عَلِیمࣱ അവരുടെ കുതന്ത്രം =بِكَیۡدِهِنَّ
നിങ്ങളുടെ വർത്തമാനം, അവസ്ഥ (അനുഭവം) എന്താകുന്നു =مَا خَطۡبُكُنَّ
അവർ പറഞ്ഞു =قُلۡنَ യൂസുഫിനെ മോഹിച്ചു വശീകരി(ക്കാൻ ശ്രമി)ച്ചപ്പോൾ =إِذۡ رَٰوَدتُّنَّ یُوسُفَ عَن نَّفۡسِهِۦ
അദ്ദേഹത്തിൽ =عَلَیۡهِ ഞങ്ങൾ അറിഞ്ഞി(കണ്ടി)ട്ടില്ല =مَا عَلِمۡنَا തമ്പുരാനേ!, ദൈവത്താണ =حَـٰشَ لِلَّهِ
ഇപ്പോൾ =ٱلۡـَٔـٰنَ പ്രഭുപത്നി പറഞ്ഞു(ബോധിപ്പിച്ചു) =قَالَتِ ٱمۡرَأَتُ ٱلۡعَزِیزِ യാതൊരു കുറ്റവും =مِن سُوۤءࣲ
ഞാൻ(ആണ്) =أَنَا۠ സത്യം =ٱلۡحَقُّ വെളിപ്പെട്ടു, പുറത്തുവന്നു =حَصۡحَصَ
(വാസ്തവത്തിൽ) അദ്ദേഹം =وَإِنَّهُۥ അദ്ദേഹത്തെ മോഹിച്ചു പ്രലോഭിപ്പിച്ചു(ച്ചത്) =رَٰوَدتُّهُۥ عَن نَّفۡسِهِۦ
അറിയേണ്ടതിന്ന്(ആകുന്നു) =لِیَعۡلَمَ അ(ഇ)ത് =ذَٰلِكَ തികഞ്ഞസത്യസന്ധരിൽ പെട്ടവൻ തന്നെയാകുന്നു =لَمِنَ ٱلصَّـٰدِقِینَ
(അദ്ദേഹത്തിന്റെ)അഭാവത്തിൽ =بِٱلۡغَیۡبِ ഞാൻ അദ്ദേഹത്തെ വഞ്ചിട്ടില്ല (എന്നും) =لَمۡ أَخُنۡهُ എന്തെന്നാൽ ഞാൻ =أَنِّی
മാർഗദർശനം ചെയ്യുക (ലക്ഷ്യത്തിലെത്തിക്കുക, വിജയിപ്പിക്കുക)യില്ലെന്നും =لَا یَهۡدِی തീർച്ചയായും അല്ലാഹു =وَأَنَّ ٱللَّهَ
എന്റെ മനസ്സിനെ (സ്വയം) =نَفۡسِیۤۚ ഞാൻ അപരാധമുക്തമാക്കുന്നില്ല =وَمَاۤ أُبَرِّئُ വഞ്ചകരുടെ കുതന്ത്രങ്ങളെ =كَیۡدَ ٱلۡخَاۤىِٕنِینَ
തിന്മകൊണ്ട് (തിന്മ ചെയ്യാൻ) =بِٱلسُّوۤءِ പ്രേരിപ്പിക്കുന്നതുതന്നെയാകുന്നു =لَأَمَّارَةُۢ തീർച്ചയായും(മനുഷ്യ)മനസ്സ് =إِنَّ ٱلنَّفۡسَ
നിശ്ചയമായും എന്റെ വിധാതാവ് =إِنَّ رَبِّی എന്റെ വിധാതാവ് (വിന്റെ) =رَبِّیۤۚ കാരുണ്യം ചെയ്താൽ(ലഭിച്ചാൽ) ഒഴിച്ച് =إِلَّا مَا رَحِمَ
ദയാപരനായ(നുമാകുന്നു) =رَّحِیمࣱ വളരെ പൊറുക്കുന്നവനാകുന്നു =غَفُورࣱ

**50:** ദൂതൻ തിരിച്ചു വന്ന് യൂസുഫ് നൽകിയ സ്വപ്ന വ്യാഖ്യാനം രാജാവിനെ അറിയിച്ചു. രാജാവിന് ആ വ്യാഖ്യാനം ബോധിക്കുകയും ചെയ്തു. നാട്ടിലെ മഹാ വിദ്വാന്മാർക്കാർക്കും വ്യാഖ്യാനിക്കാൻ കഴിയാതിരുന്ന തന്റെ സ്വപ്നം ശരിയായി വ്യാഖ്യാനിക്കുകയും തന്റെ ഉൽകണ്ഠ ശമിപ്പിക്കുകയും ചെയ്ത ആ വിദ്വാനിൽ രാജാവ് വളരെ പ്രീതനായി. അദ്ദേഹത്തെ തന്റെ മുമ്പിലേക്ക് വിളിച്ചു കൊണ്ടുവരാൻ ആളയച്ചു. യൂസുഫിനു പണ്ടു താൻ കൊടുത്ത വാക്ക് വിജയകരമായി പാലിക്കാൻ കഴിഞ്ഞതിൽ സന്തോഷിച്ച രാജദൂതൻ താൻ ചെന്നു വിളിച്ചാൽ അദ്ദേഹം ഉടനെ കൂടെ ഇറങ്ങി വരുമെന്ന് ന്യായമായും കരുതിയിരിക്കണം. പക്ഷേ, യൂസുഫ് അയാളോടൊപ്പം പുറപ്പെടാൻ തയാറായില്ല. പകരം അദ്ദേഹം ഒരാവശ്യം മുന്നോട്ടു വെച്ചു. പണ്ട് തന്റെ പേരിൽ സ്വന്തം കൈകൾ മുറിപ്പെടുത്തിയ സ്ത്രീകളുടെ ഇപ്പോഴത്തെ നിലപാട് എന്താണെന്നറിയണമെന്നായിരുന്നു അത്. തിരിച്ചുപോയി അക്കാര്യം രാജാവിനോട് അന്വേഷിച്ചു വരാൻ ദൂതനോടാവശ്യപ്പെടുകയാണദ്ദേഹം. യൂസുഫ് നബിയുടെ ഈ നിലപാട് പ്രഥമ ദൃഷ്ട്യാ വിചിത്രമായിത്തോന്നാം. വർഷങ്ങളായി കാരാഗൃഹത്തിൽ കഴിയുന്ന ഒരു തടവുകാരനെ സംബന്ധിച്ചേടത്തോളം ഒരുനാൾ രാജാവ് നേരിട്ട് മോചനം നൽകുന്നതിനേക്കാൾ വലിയ സന്തോഷമെന്താണുള്ളത്?! യൂസുഫ് നബിയുടെ സ്ഥാനത്ത് മറ്റാരെങ്കിലുമായിരുന്നുവെങ്കിൽ ഉടനെ ആമോദത്തോടെ ദൂതനോടൊപ്പം ചാടി പുറപ്പെടുമായിരുന്നു. യൂസുഫിന്റെ സ്ഥാനത്ത് താനായിരുന്നു ആ തടവുകാരനെങ്കിൽ ഒരു തടസ്സവും പറയാതെ ഉടനെ ഓടിപ്പോരുമായിരുന്നുവെന്ന് മുഹമ്മദ് നബി(സ) പോലും പറഞ്ഞതായി നിവേദനങ്ങളുണ്ട്. യൂസുഫ് നബിയുടെ സഹനശേഷിയും അനന്യസാധാരണമായ ആർജവവും പ്രകാശിപ്പിക്കുന്നതാണീ തടസ്സവാദം. ഗൗരവമേറിയ അർഥങ്ങളാണതുൾക്കൊള്ളുന്നത്.

തന്റെ നിരപരാധിത്വം രാജാവിനെ അറിയിച്ച് മോചനത്തിനു വഴിയൊരുക്കണമെന്നായിരുന്നു യൂസുഫ്(അ) നേരത്തെ രാജാവിന്റെ പാനീയക്കാരനോടാവശ്യപ്പെട്ടിരുന്നത്. എങ്ങനെയെങ്കിലുമുള്ള ഒരു മോചനം അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. സ്വന്തം നിരപരാധിത്വം സ്ഥിരപ്പെടലായിരുന്നു മുഖ്യം. അതു സ്ഥിരപ്പെടുന്നില്ലെങ്കിൽ, തന്റെ നിലപാട് കുറ്റവാളിയുടേതു തന്നെയാണെങ്കിൽ തനിക്കു മോചനം വേണ്ട. താൻ ജയിലിൽനിന്ന് പുറത്തു കടക്കണമെങ്കിൽ ആദ്യം തന്റെ മേൽ കുറ്റമാരോപിച്ച ആ സ്ത്രീകളെ വിചാരണ ചെയ്ത് തന്റെ നിരപരാധിത്വം സ്ഥിരപ്പെടുത്തണം. നിരപരാധിയായിട്ടല്ലാതെ, രാജാവിന്റെ ഔദാര്യം കൊണ്ട് മാത്രം ജയിൽമോചിതനാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കുറ്റവാളിക്കുചിതം ശിക്ഷിക്കപ്പെടുന്നതു തന്നെയാണ്.

യൂസുഫ് നബിക്കു അല്ലാഹു ഈജിപ്തിൽ നിശ്ചയിച്ചിട്ടുള്ള ദൗത്യത്തിന്റെ ശരിയായ നിർവഹണത്തിനും അദ്ദേഹത്തിന്റെ നിരപരാധിത്വം സമൂഹമധ്യേ തെളിയിക്കപ്പെടേണ്ടതുണ്ടായിരുന്നു. ഒരുവശത്ത് അദ്ദേഹം സത്യത്തിന്റെയും ധർമത്തിന്റെയും പ്രബോധകനും മാതൃകാ പുരുഷനുമാണ്. മറുവശത്ത് ജനങ്ങളുടെ ഭരണാധികാരിയും. രണ്ടു ദൗത്യങ്ങളും നിർവഹിക്കാൻ സമൂഹത്തിന് അദ്ദേഹത്തിൽ വിശ്വാസവും മതിപ്പുമുണ്ടായിരിക്കണം. സ്വന്തം യജമാനത്തിയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചതിന് ശിക്ഷിക്കപ്പെട്ട, പിന്നീട് ഒരു സ്വപ്ന വ്യാഖ്യാനം ശരിയായി വന്നതിന്റെ പേരിൽ രാജാവിന്റെ ഔദാര്യത്താൽ ജയിൽ മുക്തനായ ഒരു കുറ്റവാളി എന്ന പ്രതിഛായയുമായി ഇപ്പറഞ്ഞ രണ്ടു ദൗത്യങ്ങളും വിജയകരമായി നിർവഹിക്കാനാവില്ല.

ഈ പശ്ചാത്തലത്തിൽ إِنَّ رَبِّی بِكَیۡدِهِنَّ عَلِیمࣱ എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: യഥാർഥത്തിൽ ഞാൻ നിരപരാധി

യാണെന്നും ആ സ്ത്രീകൾ എനിക്കെതിരെ കുതന്ത്രം പ്രയോഗിക്കുകയായിരുന്നുവെന്നും അല്ലാഹുവിന് നല്ലവണ്ണം അറിയാം. എനിക്കതുമതി. രാജാവ് അതു തെളിയിച്ചില്ലെങ്കിലും എനിക്കൊന്നുമില്ല. പക്ഷേ, നാളെ ആർക്കെങ്കിലും എന്റെ നേരെ കുറ്റവാളി എന്ന് വിരൽ ചൂണ്ടാൻ ന്യായമവശേഷിക്കുന്ന ഒരു ജയിൽ മോചനം എനിക്കു വേണ്ട.

**51:** രാജദൂതൻ യൂസുഫിന്റെ(അ) അടുത്തുനിന്ന് തിരിച്ചുവന്ന് അദ്ദേഹത്തിന്റെ ഉപാധി രാജാവിനെ അറിയിച്ചുവെന്നും രാജാവ് അതംഗീകരിച്ച് സ്ത്രീകളെ വിചാരണക്ക് വിളിച്ചുവരുത്തിയെന്നും ഇവിടെ പറയുന്നില്ലെങ്കിലും സന്ദർഭത്തിൽനിന്ന് മനസ്സിലാക്കാം. ഈ സൂക്തത്തിലെ خطب ഉം മുൻ സൂക്തത്തിലെ بال ഉം 47-ാം സൂക്തത്തിലെ دأب ഉം എല്ലാം പൊതുവിൽ വർത്തമാനം, സ്ഥിതിഗതി, പതിവ്, നിലപാട് മുതലായ അർഥങ്ങളിൽ ഉപയോഗിക്കുന്ന പദങ്ങളാണ്. നിലവിലുള്ള അവസ്ഥ/ നിലപാട് ആണ് بال. സൂറഃ *ത്വാഹ*യിലെ فَمَا بَالُ ٱلْقُرُونِ ٱلْأُولَىٰ എന്ന ചോദ്യത്തിന്റെ താൽപര്യം 'പൂർവ സമുദായങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്' എന്നാകുന്നു. കർമാവസ്ഥയെയാണ് خطب കൊണ്ട് വ്യവഹരിക്കുന്നത്. സംഭവം അനിഷ്ടകരമാണ് എന്ന ധ്വനി കൂടി അതുൾക്കൊള്ളുന്നുണ്ട്. ഇബ്റാഹീം നബി തന്നെ സന്ദർശിച്ച മലക്കുകളോട് فَمَا خَطْبُكُمْ أَيُّهَا ٱلْمُرْسَلُونَ (അല്ലയോ ദൂതന്മാരേ, നിങ്ങളുടെ ദൗത്യമെന്താകുന്നു? - 51:31) എന്നു ചോദിക്കുന്നത് ഈയർഥത്തിലാണ്. സ്ഥിരമായ അവസ്ഥ, പതിവായ നടപടി എന്ന ആശയമാണ് دأبന്നുള്ളത്. സൂറ *ആലുഇംറാൻ* 11-ാം സൂക്തത്തിൽ كَدَأْبِ ءَالِ فِرْعَوْنَ എന്നു പറയുന്നത് ഫറവോൻ പ്രഭൃതികൾ സ്ഥിരമായി അവലംബിച്ച നടപടികളെയും നിലപാടുകളെയും ഉദ്ദേശിച്ചാണ്.

ഇവിടെ രാജാവ് അന്വേഷിക്കുന്നത് യൂസുഫിനെ വശീകരിക്കാൻ ശ്രമിച്ചപ്പോൾ നിങ്ങൾക്ക് വല്ല ദുരനുഭവവും ഉണ്ടായോ അഥവാ അദ്ദേഹം മോശക്കാരനാണെന്നു തോന്നിയോ എന്നാണ്. യൂസുഫ്-സുലൈഖാ സംഭവം രാജാവ് നേരത്തെ അറിഞ്ഞിരുന്നുവെന്നാണിതിൽനിന്ന് മനസ്സിലാകുന്നത്. അറിഞ്ഞിരുന്നുവെന്ന് മാത്രമല്ല, അതിൽ യഥാർഥ കുറ്റവാളികൾ സ്ത്രീകളാണെന്നു മനസ്സിലാക്കുകയും ചെയ്തിരുന്നു. കേസിനെക്കുറിച്ചറിഞ്ഞിരുന്നില്ലെങ്കിൽ ആദ്യം രാജാവ് അന്വേഷിക്കുക എന്താണാ കേസ് എന്നായിരുന്നു. നിങ്ങൾ യൂസുഫിനെ വശീകരിക്കാൻ ശ്രമിച്ചപ്പോൾ -إِذْ رَٰوَدتُّنَّ يُوسُفَ എന്നവാക്യം യഥാർഥ പ്രതികൾ സ്ത്രീകളാണെന്നു മനസ്സിലാക്കിയിരുന്നതായും സൂചിപ്പിക്കുന്നു. ചോദ്യത്തിലെ ഈ ധ്വനികൾ ഉൾകൊണ്ടു കൊണ്ടാണ്, 'ദൈവത്താണ, ഞങ്ങൾ അദ്ദേഹത്തിൽ ഒരു കുറ്റവും കണ്ടിട്ടില്ല' എന്ന് സ്ത്രീകൾ ബോധിപ്പിക്കുന്നത്. حَٰشَ لِلَّهِ യുടെ അർഥം 31-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഞങ്ങൾ എത്ര പ്രലോഭിപ്പിച്ചിട്ടും അദ്ദേഹത്തെ ഒട്ടും വളക്കാനായില്ല. അവിഹിതമോ അനാശാസ്യമോ ആയ ഒരു നീക്കവും അദ്ദേഹത്തിൽനിന്നുണ്ടായില്ല എന്നാണവർ സത്യം ചെയ്തു പറയുന്നത്. ഈ സന്ദർഭത്തിൽ ഈ കുഴപ്പങ്ങൾക്കെല്ലാം കാരണക്കാരിയായ പ്രഭുപത്നി തന്നെ മുമ്പോട്ടുവന്നു സ്വയം കുറ്റം സമ്മതിക്കുകയാണ്. മണ്ണും ചളിയും മൂടിക്കിടന്നതോ ചവിട്ടിയമർത്തിയതോ ആയ വസ്തു വെളിയിലേക്ക് പൊന്തി വരുന്നതിനാണ് حَصْحَصَ എന്നു പറയുക. പ്രഭുപത്നി ബോധിപ്പിക്കുകയാണ്: 'ഞാൻ ഇതുവരെ ചവിട്ടിപ്പൂഴ്ത്തിയിരുന്ന സത്യം എന്റെ സ്നേഹിതകളുടെ മൊഴിയിലൂടെ പുറത്തുവന്നു കഴിഞ്ഞു. അനാശാസ്യത്തിന് പ്രേരിപ്പിക്കുക എന്ന കുറ്റം ചെയ്തത് ഞാൻ തന്നെയാണ്. യൂസുഫാകട്ടെ അതീവ സത്യസന്ധനും ധർമബദ്ധനും സദാചാരനിഷ്ഠനുമാകുന്നു.'

യൂസുഫ് നബി കുറ്റമുക്തനാവാതെ ജയിൽ മുക്തനാവാൻ വിസമ്മതിച്ചതും രാജാവിനോട് സ്ത്രീകളെ വിചാരണ ചെയ്യാനാവശ്യപ്പെട്ടതും അതുപ്രകാരം രാജാവ് കേസ് വിചാരണ ചെയ്തതും പ്രഭുപത്നി കുറ്റം സമ്മതിച്ചതും ഒന്നും ബൈബിൾ വിവരണത്തിൽ വരുന്നില്ല. ഉൽപത്തി പുസ്തകം 41-ാം ഖണ്ഡം നൽകുന്ന വിവരണത്തിന്റെ ചുരുക്കം ഇതാണ്: 'മാന്ത്രികന്മാരും ജ്ഞാനികളും രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ പ്രധാന വീഞ്ഞു കലവറക്കാരൻ തനിക്കു പണ്ടുണ്ടായ ഒരു സ്വപ്നത്തെക്കുറിച്ചും ഒരു എബ്രായൻ അത് ശരിയായി വ്യാഖ്യാനിച്ചതിനെക്കുറിച്ചും രാജാവിനെ അറിയിച്ചു. രാജാവ് ആളയച്ച് യൂസുഫിനെ കൊട്ടാരത്തിൽ വരുത്തി. യൂസുഫ് നേരിട്ടു തന്നെ രാജ സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്തു.' ഖുർആൻ പറഞ്ഞ സംഭവങ്ങൾ കഥയിൽനിന്ന് വിട്ടുപോയപ്പോൾ സത്യപ്രബോധകരും ജനനായകരും അവശ്യം അറിഞ്ഞിരിക്കേണ്ട ചില തത്ത്വങ്ങളും പാഠങ്ങളുമാണ് ബൈബിളിൽനിന്നു വിട്ടു പോയത്. പ്രബോധകരുടെയും നേതാക്കളുടെയും വ്യക്തിത്വം അകളങ്കിതവും പ്രതിഛായ അവികലവുമായിരിക്കേണ്ടതിന്റെ പ്രാധാന്യം അതിൽ പ്രധാനമാണ്.

**52,53:** ഈ വചനങ്ങൾ ഉദ്ധരിക്കപ്പെടുന്നത് ആരിൽനിന്നാണ് എന്ന കാര്യത്തിൽ പണ്ടുമുതലേ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായാന്തരമുണ്ട്. യൂസുഫ്(അ) ആണ് വക്താവ് എന്നാണൊരു പക്ഷം. ഇബ്നു അബ്ബാസ്, അനസ് തുടങ്ങിയ പ്രവാചക ശിഷ്യന്മാരും മുജാഹിദ്, സഈദുബ്നു ജുബൈർ തുടങ്ങിയ താബിഉകളും സമഖ്ശരിയെപ്പോലുള്ള പിൽക്കാല മുഫസ്സിറുകളും സയ്യിദ് മൗദൂദി, അമീൻ അഹ്സൻ ഇസ്‌ലാഹി തുടങ്ങിയ ആധുനികരും സ്വീകരിച്ചിട്ടുള്ളത് ഈ അഭിപ്രായമാണ്. ജുബാഇ, അബൂഹയ്യാൻ, മാവർദി, ഇബ്നു തൈമിയ്യ തുടങ്ങിയവർ പറയുന്നത്, ഈ വചനങ്ങൾ തൊട്ടു മുൻപത്തെ സൂക്തത്തിലെ പ്രഭു പത്നിയുടെ പ്രസ്താവനയുടെ തുടർച്ചയാണ് എന്നത്രെ. രണ്ടു നിഗമനങ്ങളെയും സാധൂകരിക്കുന്നതാണ് വചന സന്ദർഭം. തൊട്ടു മുൻപത്തെ സൂക്തം ഉദ്ധരിക്കുന്നത് പ്രഭുപത്നിയെയാണ് എന്നതിൽ തർക്കമില്ല. അപ്പോൾ അതിനെ തുടർന്ന് ഉദ്ധരിക്കുന്നതും അവരെത്തന്നെയായിരിക്കണം. അതല്ല മറ്റൊരാളെയാണ് തുടർന്നുദ്ധരിക്കുന്നതെങ്കിൽ അതിന് എന്തെങ്കിലും സൂചന വേണം. അത് ഇവിടെ ഇല്ല. ഇതാണ് ഇവരുടെ ന്യായം.

ഈ വചനങ്ങൾ യൂസുഫിന്റെ(അ)താണ് എന്ന് വെയ്ക്കുമ്പോൾ, അദ്ദേഹം ഇതു പറഞ്ഞത് 50-ാം സൂക്തത്തിലെ إِنَّ رَبِّى بِكَيْدِهِنَّ عَلِيمٌ എന്ന വാക്യത്തിന്റെ തുടർച്ചയായിട്ടായിരിക്കണം. അല്ലെങ്കിൽ രാജാവ് സ്ത്രീകളെ വിചാരണ ചെയ്ത വിവരമറിഞ്ഞപ്പോഴായിരിക്കണം: ആശയമിതാണ്: ജയിലിൽ നിന്നു പുറത്തുവരാൻ ഇങ്ങനെയൊരു വിചാരണയും വിധിയും വേണമെന്ന് ഞാൻ ആവശ്യപ്പെട്ടത് വ്യക്തമായ ചില ഉദ്ദേശ്യങ്ങളോടെയാണ്. ഒന്ന്, ഞാൻ നിരപരാധിയാണെന്നും തികച്ചും അന്യായമായിട്ടാണ് ജയിലിലടക്കപ്പെട്ടതെന്നും രാജാവ് അറിയണം. അതുവഴി രാജ്യം അംഗീകരിക്കണം. എനിക്ക് ഇന്നാട്ടിൽ അല്ലാഹു നിശ്ചയിച്ച ദൗത്യം നിർവഹിക്കുന്നതിന് അതു വളരെ ആവശ്യമാണ്. രണ്ട്, എന്റെ യജമാനനായ പ്രഭുവിന്റെ അഭാവത്തിൽ പ്രഭുതപത്നിയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചു കൊണ്ട് ഞാനദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹവും അറിയണം. മൂന്ന്, വഞ്ചകന്മാർ എന്തൊക്കെ കുതന്ത്രങ്ങളവലംബിച്ചാലും ഒ

ടുവിൽ അല്ലാഹു അവരെ പരാജിതരും അപമാനിതരുമാക്കുമെന്നും അന്തിമ വിജയം സത്യസന്ധരായ സജ്ജനങ്ങൾക്കു തന്നെയായിരിക്കുമെന്നും എല്ലാവരും മനസ്സിലാക്കണം.

ഇപ്പറഞ്ഞതിനർഥം തെറ്റുകുറ്റങ്ങൾക്കെല്ലാം അതീതനായ അതിമാനുഷനാണ് ഞാനെന്നല്ല. ഞാന ങ്ങനെ സ്വയം നിരപരാധിത്വം വാദിക്കുന്നില്ല. ഞാനും ഒരു മനുഷ്യനാണ്. മനുഷ്യമനസ്സിൽ തീർച്ചയായും തിന്മകൾക്ക് പ്രചോദനവും പ്രേരണയുമുളവായിക്കൊണ്ടിരിക്കും. എന്റെ മനസും അതിൽനിന്നൊഴിവല്ല. പക്ഷേ, അല്ലാഹു എന്നോട് സവിശേഷമായ കാരുണ്യം കാണിച്ചിരിക്കുന്നു. അവൻ സന്ദിഗ്ധ ഘട്ടങ്ങളിൽ അശ്ലീലങ്ങളിൽനിന്നും ആഭാസങ്ങളിൽനിന്നും എന്നെ രക്ഷിക്കുന്നു. ആ സംരക്ഷണം എപ്രകാരമാണെന്ന് നേരത്തെ 24-ാം സൂക്തത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രഭുപത്നി യൂസുഫിനെ പ്രാപിക്കാൻ തുനിഞ്ഞ സന്ദർഭത്തെക്കുറിച്ചു പറയുന്നു:

وَلَقَدْ هَمَّتْ بِهِۦ ۖ وَهَمَّ بِهَا لَوْلَآ أَن رَّءَا بُرْهَـٰنَ رَبِّهِۦ ۚ

كَذَٰلِكَ لِنَصْرِفَ عَنْهُ ٱلسُّوٓءَ وَٱلْفَحْشَآءَ ۚ إِنَّهُۥ مِنْ عِبَادِنَا ٱلْمُخْلَصِينَ

എന്റെ നാഥൻ അവന്റെ ദാസന്മാരുടെ തെറ്റുകുറ്റങ്ങൾ പരമാവധി പൊറുത്തുകൊടുത്തു ശുദ്ധീകരി ക്കുന്ന കരുണാവാരിധിയാണ്.

വക്താവ് പ്രഭുപത്നിയാകുമ്പോൾ ആശയം ഇപ്രകാരമായിരിക്കും. ഈ സഭക്കു മുമ്പിൽ ഞാൻ പര സ്യമായി കുറ്റസമ്മതം നടത്തിയത് ഭർത്താവിനെ ഞാൻ വഞ്ചിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും യഥാർഥത്തിൽ വഞ്ചിട്ടില്ലെന്നും എന്നെപ്പോലെ വഞ്ചിക്കാൻ ശ്രമിക്കുന്നവരുടെ കുതന്ത്രങ്ങൾ അല്ലാഹു പരാജയപ്പെടു ത്തുമെന്നും എന്റെ ഭർത്താവ് മനസ്സിലാക്കുന്നതിനു വേണ്ടിയാണ്. ഞാൻ സ്വയം ന്യായീകരിക്കുന്നില്ല. മനുഷ്യ മനസ്സ് തിന്മകൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതാണല്ലോ. ദൈവത്തിന്റെ കാരുണ്യം ഒന്നു കൊണ്ടു മാത്രമേ അതിൽനിന്ന് രക്ഷപ്പെടാനാകൂ. ദൈവം അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനും കരു ണാവാരിധിയുമാണ്. എന്റെ തെറ്റുകൾ അവൻ പൊറുത്തു തരുമാറാകട്ടെ.

വക്താവ് യൂസുഫ് നബി ആകുമ്പോൾ, അറിയുവാൻ- ليعلم എന്ന ക്രിയയുടെ കർത്താവ് രാജാവ് ആയിരിക്കും. പ്രഭുപത്നിയാണ് വക്താവെങ്കിൽ അവരുടെ ഭർത്താവുമായിരിക്കും. വക്താവ് ആരായാലും أَخُنْهُ എന്നതിലെ ه എന്ന സർവനാമം കുറിക്കുന്നത് പ്രഭുവിനെയാണ്. ലക്ഷ്യത്തിലേക്കുള്ള ശരിയായ മാർഗത്തിലൂടെ നയിച്ചു എന്നർഥമുള്ള هدى യുടെ വർത്തമാനകാല രൂപമാണ് يَهْدِي. വിജയിപ്പിക്കുക, ലക്ഷ്യത്തിലെത്തിക്കുക തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. ഇവിടെ അതാണുദ്ദേശ്യം. ഒഴിഞ്ഞു, മുക്തമായി എന്നർഥമുള്ള برأ ൽനിന്നുള്ള برَّأ (ഒഴിപ്പിച്ചു, മുക്തമാക്കി) യുടെ ഉത്തമ പുരുഷ വർത്തമാന രൂപമാണ് أُبَرِّئُ. ഞാൻ എന്നെ കുറ്റമുക്തനാക്കുന്നില്ല, ന്യായീകരിക്കുന്നില്ല, എന്റെ മനസ്സ് ശുദ്ധമാണെന്ന വകാശപ്പെടുന്നില്ല എന്നൊക്കെ وَمَآ أُبَرِّئُ نَفْسِىٓ എന്ന വാക്കിനർഥമാകാം. أمّار (നിർബന്ധിച്ചാവശ്യപ്പെടു ന്നത്, തുടർച്ചയായി സമ്മർദം ചെലുത്തുന്നത്) ന്റെ സ്ത്രീലിംഗവചനമാണ് أمّارة. ■